# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3185 | 07.11.2019-ന് മറുപടിയ്ക്ക് |
|---|---|

## കാട്ടാക്കട മണ്ഡലത്തിലെ ലാന്റ് അക്വിസിഷൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ഐ.ബി. സതീഷ് | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന കരമന - വെള്ളറട റോഡ് നിർമ്മാണത്തിനായുള്ള ലാന്റ് അക്വിസിഷൻ നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കരമന - വെള്ളറട റോഡ് വികസനത്തിനുള്ള പൊന്നുംവില നടപടിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ എൽ.എ.(എൻ.എച്ച്), പി.എം.ജിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് 3 ഫേസ് ആയി വിഭാവന ചെയ്തിരിക്കുന്നു.<br>**<u>റീച്ച് 1</u>**<br>കരമന - വെള്ളറട റോഡ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ ഉൾപ്പെട്ട കരമന മുതൽ കുണ്ടമൺകടവ് വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി എസ് ഐ എ യൂണിറ്റിനെ നിയമിച്ച് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. എസ്.ഐ.എ റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.<br>**<u>റീച്ച് 2</u>**<br>കരമന - വെള്ളറട റോഡ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 2-ൽ ഉൾപ്പെട്ട 4.5670 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 28/09/2019-ലെ സ.ഉ (സാധാ) 2723/2019/റവ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കി എസ്.ഐ.എ യൂണിറ്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**<u>റീച്ച് 3</u>**<br>റീച്ച് 3-ൽ ഉൾപ്പെട്ട ഞാറവിള മുതൽ വെള്ളറട വരെയുള്ള പൊന്നുംവില നടപടിയ്ക്കായി പുതുക്കിയ അർത്ഥന സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പോങ്ങുംമൂട് - പുന്നാവൂർ പാലം നിർമ്മാണത്തിന്റെ ലാന്റ് അക്വിസിഷൻ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പാലം | (ബി) | പോങ്ങുംമൂട് - പുന്നാവൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ വില്ലേജിലുൾപ്പെട്ട 0.16 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 24/04/2019-ലെ സ.ഉ (സാധാ) |

| | | | |
|---|---|---|---|
| | നിർമ്മാണത്തിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | 1041/2019/റവ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത പൊന്നുംവില നടപടിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ., പി.ഡബ്ല്യൂ.ഡി സതേൺ സർക്കിളിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എസ്.ഐ.എ റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ചിട്ടുള്ളതും എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ